# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ 452 — 17.05.2017 ൽ മറുപടിക്ക്

## ടി.പി.സെൻകുമാർ സമർപ്പിച്ച ഹർജിയിന്മേലുള്ള സുപ്രീംകോടതി വിധി

| **ചോദ്യം:** | **ഉത്തരം :** |
|---|---|
| **ശ്രീ. വി.പി.സജീന്ദ്രൻ**<br>**ശ്രീ. റോജി എം. ജോൺ**<br>**ശ്രീ. അനിൽ അക്കര**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീ.പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| **(എ)** സംസ്ഥാന പോലീസ് മേധാവി സ്ഥാനത്തുനിന്നും തന്നെ നീക്കം ചെയ്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ടി.പി.സെൻകുമാർ സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജിയിന്മേലുള്ള വിധിപ്പകർപ്പ് എന്നാണ് സർക്കാരിന് ലഭിച്ചതെന്ന് അറിയിക്കാമോ; | **(എ)** 25.04.2017-ൽ സാക്ഷ്യപ്പെടുത്താത്ത പകർപ്പ് ലഭിച്ചു. 28.04.2017-ൽ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ചു. |
| **(ബി)** ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; എന്നാണ് നടപടി സ്വീകരിച്ചത്; | **(ബി)** നിയമവകുപ്പ് സെക്രട്ടറിയുടെയും അഡ്വക്കേറ്റ് ജനറലിന്റെയും നിയമോപദേശം തേടിയശേഷം ബഹു. സുപ്രീംകോടതി വിധിയിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് ഒരു ക്ലാരിഫിക്കേഷൻ ആപ്ലിക്കേഷനും കൂടാതെ വിധി പുനഃപരിശോധിക്കുന്നതിനായി ഒരു റിവ്യൂ ഹർജിയും 03.05.2017-ൽ സമർപ്പിക്കുകയുണ്ടായി. |
| **(സി)** സുപ്രീംകോടതി വിധി നടപ്പിലാക്കുവാൻ വന്ന കാലതാമസത്തിനുള്ള കാരണമെന്താണ്; | **(സി)** വിധി നടപ്പിലാക്കുവാൻ കാലതാമസമുണ്ടായിട്ടില്ല. |

| | |
|---|---|
| **(ഡി)** സുപ്രീംകോടതി വിധിയിൽ വ്യക്തത വരുത്തണമെന്നാവശ്യപ്പെട്ട് സർക്കാർ സുപ്രീം കോടതിയിൽ ഹർജി നൽകിയിരുന്നോ; എങ്കിൽ അതിന്മേലുള്ള തീരുമാനമെന്തായിരുന്നു; | **(ഡി)** നൽകിയിരുന്നു. സർക്കാരിന്റെ ക്ലാരിഫിക്കേഷൻ ഹർജി, 25,000/- രൂപ സുപ്രീം കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയ്ക്ക് ജുവനൈൽ ജസ്റ്റിസ് ഇഷ്യൂസ് സംബന്ധിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അടച്ചുകൊണ്ട്, പിൻവലിക്കാൻ അനുമതി നൽകുകയുണ്ടായി. |
| **(ഇ)** ടി.പി.സെൻകുമാറിന് അനുകൂലമായിട്ടുള്ള സുപ്രീംകോടതി വിധി പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് സർക്കാർ ഹർജി നൽകിയിരുന്നോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഉപദേശം നൽകിയതാരാണ് എന്ന് വെളിപ്പെടുത്തുമോ; | **(ഇ)** നൽകിയിരുന്നു. അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശ പ്രകാരമാണ് റിവ്യൂ ഹർജി നൽകിയത്. |
| **(എഫ്)** ഇതു സംബന്ധിച്ച് നിയമവകുപ്പ് സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ, ഹരീഷ് സാൽവെ എന്നിവരിൽ നിന്നും നിയമോപദേശം തേടിയിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | **(എഫ്)** നിയമവകുപ്പ് സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ എന്നിവരിൽ നിന്ന് നിയമോപദേശം തേടിയിരുന്നു. |

Manoj M

**സെക്ഷൻ ഓഫീസർ**